**യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീം**
കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651
ഫോൺ :0487-2370302 ഇമെയിൽ :ulfmty@kvasu.ac.in

നം. യു.എൽ.എഫ്/എം.ടി.വൈ/ജി/1019 /2024 മണ്ണുത്തി, തീയതി : 13.03.2026

# പുനർ ലേല നോട്ടീസ്

വിഷയം : **യു.എൽ.എഫ്. & എഫ്.ആർ.ഡി.എസ്., മണ്ണുത്തി കാമ്പസിൽ മുറിച്ചിട്ടിരിക്കുന്ന മരശിഖരങ്ങൾ(വിറക് ) പുനർലേലം ചെയ്യുന്നത് - സംബന്ധിച്ച്.**

മണ്ണുത്തി വെറ്ററിനറി കോളേജ് ക്യാമ്പസിൽ അപകടകരമായി നിന്നതിനെ തുടർന്ന് മുറിച്ചു മാറ്റിയ ലൈബ്ബറി, ആഴാന്തൽ, അരണമരം, മഹാഗണി, മാവ്, കൊന്ന, പ്ലാവ് തുടങ്ങിയവയുടെ ശിഖരങ്ങൾ/മരകഷ്ണങ്ങൾ **23.03.2026 ന് കാലത്ത് 11.00 മണിക്ക് പരസ്യമായി ലേലം** ചെയ്യുന്നതാണ്.

**നിബന്ധനകൾ**

1. ലേലത്തിൽ പങ്കെടുക്കുന്നവർ 23.03.2026 ന് 10.30 ന് മുൻപായി ഓഫീസിൽ എത്തേണ്ടതാണ്.
2. ലേല നോട്ടീസിൽ പരാമർശിച്ചിട്ടുള്ള മരശിഖരങ്ങൾ/മരകഷ്ണങ്ങൾ ലേലത്തിന് മുൻപായി കരാറുകാരന് നേരിട്ട് കണ്ട് പരിശോധിക്കാവുന്നതാണ്.
3. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 2000/- രൂപ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ലേലം ലഭിക്കുന്ന വ്യക്തിയുടെ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റായി കണക്കാക്കുന്ന താണ്.
4. ലേലം ലഭിക്കുന്ന വ്യക്തി അന്നുതന്നെ മുഴുവൻ തുകയും അടച്ച് 7 ദിവസത്തിനുള്ളിൽ ഉത്തരവാദിത്വപ്പെട്ടവരുടെ സാന്നിദ്ധ്യത്തിലും സമ്മതത്തിലും മരശിഖരങ്ങൾ ക്യാമ്പസിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്.
5. സർവ്വകലാശാലയുടെ വസ്തുവകകൾക്ക് യാതൊരുവിധ നാശനഷ്ടങ്ങളും വരുത്താതെ നോട്ടീസിൽ പറഞ്ഞിട്ടുള്ള മരശിഖരങ്ങൾ/മരകഷ്ണങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും 7 ദിവസത്തിനകം ക്യാമ്പസിന് പുറത്ത് കൊണ്ടുപോകേണ്ടതാണ്. അല്ലാത്ത പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. **ഫോൺ : 0487-2370302**

ഒപ്പ്
**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ് : നോട്ടീസ് ബോർഡുകൾ
പകർപ്പ് : വില്ലേജ് ഓഫീസ്, ഒല്ലൂക്കര/തൃശ്ശൂർ കോർപ്പറേഷൻ സോണൽ ഓഫീസ്, ഒല്ലൂക്കര, എസ്.എഫ്.എസ്/എഫ്.എസ്/ഫയൽ/മിച്ചം.

// അംഗീകാരത്തോടെ അയയ്ക്കുന്നത് //

Sd/-

**സെക്ഷൻ ഓഫീസർ**